വശത്തും ഷട്ടർ ഉണ്ടായിരിക്കുകയാണ്. ആ പ്രദേശം ഇപ്പോൾ കൃഷിക്കും കൊള്ളുകയില്ല, മൽസ്യബന്ധനത്തിനും കൊള്ളുകയില്ലാത്ത വിധത്തിലാണ്. അതുമാറ്റി അതിന്റെ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ ഉണ്ടാക്കി മത്സ്യത്തൊഴിലാളികളെയും കൃഷിക്കാരെയും.... അവിടെ ഇപ്പോൾ ഇലന്തൂർ കരിനിലം ഏജൻസി വന്നു. പക്ഷേ ആളുകൾ കൃഷിചെയ്യുന്ന സ്ഥലം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. അവിടം ആർക്കും നികത്താൻ പറ്റുന്ന സ്ഥലമല്ല. എന്താണെന്നു വച്ചാൽ അവിടെ അത്രയ്ക്ക് താഴ്ചയുള്ള സ്ഥലമാണ്. തരിശായിട്ട് ഇട്ടിരിക്കുകയാണ്. അപ്പോൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിനുവേണ്ടിയും അതുപോലെ തന്നെ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികളെയും രക്ഷപ്പെടുത്തി,..... ഈ സ്കീം മൂന്ന് മൂന്നര കൊല്ലമായി. എന്താ നടക്കാത്തതെന്ന് ഇപ്പോൾ ചോദിക്കും. ഇവിടത്തെ നടപടി അതാണ്. എന്താ പഴയ കാലത്ത് ചെയ്യാത്തതെന്ന് ചോദിക്കും. ഇങ്ങനെയൊരു നിയമസഭ ഞാൻ കണ്ടിട്ടില്ല. ഞാൻ 1952 മുതൽ കേരള നിയമസഭയിലെ അംഗമാണ്. ഇത് ചോദിച്ചാൽ പണ്ട് നിങ്ങൾ ഇരുന്നതല്ലേ അന്ന് എന്താ ചെയ്യാത്തതെന്ന് ചോദിക്കും. 1995-ൽ പോയ സ്കീമാണ്. ഇത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : കേരളത്തിൽ ഏറ്റെടുക്കേണ്ട ഫിഷിംഗ് ഹാർബറിന്റെ പട്ടികയിൽ അന്ധകാരനഴി ഫിഷിംഗ് ഹാർബറും ഉൾപ്പെടുത്തിയിട്ടുണ്ട്. അന്ധകാരനഴി അഴിമുഖം മണ്ണ് ഡ്രഡ്ജ്ചെയ്തു നീക്കി കടലിലേക്ക് പുലിമുട്ടുകൾ പണിതാൽ ഏതു കാലാവസ്ഥയിലും മൽസ്യബന്ധനത്തിന് ഏർപ്പെടാൻ മത്സ്യത്തൊഴിലാളികൾക്ക് കഴിയും. കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന കായൽ ജലത്തിൽ ഇതുവഴി ഉപ്പുവെള്ളം കയറാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് വിശദമായ പഠനവും അന്വേഷണ ഗവേഷണവും നടത്തിയതിനുശേഷമേ ഈ കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. ഇതിന് ആവശ്യമായ നടപടികൾ നടന്നുവരുകയാണ്.

(7) നിയമസഹായവേദിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : കേരളം പുതിയ സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. കൂടുതൽ ഭദ്രമായ ഒരു സാമൂഹ്യസ്ഥിതിയിലേക്ക് നാടിനെ നയിക്കണം എന്നതുകൊണ്ടാണ് ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്. നമ്മുടെ നാട്ടിൽ ജനാധിപത്യ പ്രക്രിയ പൂർണ്ണമാകണമെങ്കിൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയോടൊപ്പം ജനങ്ങൾക്ക് സാമൂഹ്യ നീതിയും ഉറപ്പു വരുത്തേണ്ടതാണ്. ഇന്ന് നീതി ലഭ്യത വളരെ ചെലവേറിയതായി മാറിക്കൊണ്ടിരിക്കുകയാണ്. സമ്പന്നർക്ക് നല്ലൊരു വക്കീലും വാദിക്കാനുള്ള സൗകര്യവും ഉണ്ടെങ്കിൽ ഏതു കുറ്റവും ചെയ്യാൻ കഴിയും. ഞാൻ ആ കാര്യം വിശദീകരിക്കുന്നില്ല. ഇവിടെ സാധാരണക്കാർക്ക് നീതി ഉറപ്പാക്കുകയെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സ്ത്രീ സംഘടനയുടെ പ്രവർത്തക എന്ന നിലയിൽ ഒരുപാട് സ്ത്രീകളുടെ, നിരാലംബരുടെ പ്രശ്നങ്ങൾ എന്റെ മുൻപാകെ വരുമ്പോൾ അവരുടെ കേസ്സ് എങ്ങനെയാണ് കോടതിയിൽ വാദിക്കേണ്ടത് എന്നറിയാതെ ബുദ്ധിമുട്ടുന്നുണ്ട്. ഇന്ന് നമുക്ക് ഒരു നിയമസഹായവേദിയുണ്ട്. എനിക്ക് തോന്നുന്നു ഗവൺമെന്റ് തലത്തിൽ തന്നെ ഒന്നുരണ്ട് വേദികൾ ഉണ്ടെന്നാണ്. കസ്റ്റഡിയിലിരിക്കുന്ന ആളുകളുടെ കേസ്സുകൾ കൈകാര്യം ചെയ്യാനുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പാട്, ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട് ഇതിന്റെ ഭാഗമായിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഇന്ന് ജില്ലാതലത്തിൽ മാത്രം കേന്ദ്രീകരിച്ചു നിൽക്കുകയാണ്. അത് കീഴ്കോടതിയിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് ലീഗൽ എയിഡ് കൗൺസിലിനെ നിശ്ചയിക്കുകയും അങ്ങനെയൊന്ന് ഉണ്ട് എന്ന് ജനങ്ങൾക്ക് ബോദ്ധ്യമാകുന്ന രീതിയിൽ നെയിം ബോർഡുകൾ അടക്കം നൽകിയിട്ട് കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുകയും അവർക്കാവശ്യമായ റെമ്യൂണറേഷൻ നൽകുകയും അതിന്റെ പ്രവർത്തനം വിപുലമാക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : 1987-ലെ ലീഗൽ അതോറിറ്റി ആക്ട് 28-ാം വകുപ്പനുസരിച്ച് പുറപ്പെടുവിച്ച 46,47 എന്നീ റഗുലേഷനുകൾ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ലീഗൽ എയിഡ് സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, സാമ്പത്തിക ശേഷി ഇല്ലാത്തതായ നിരക്ഷരരായ സ്ത്രീകൾ, ന്യൂനപക്ഷ വിഭാഗങ്ങൾ മുതലായവരെ ബോധവൽക്കരിക്കുകയാണ് മുഖ്യ ലക്ഷ്യം. സൗജന്യ നിയമസഹായത്തിനുള്ള വരുമാന പരിധി ഇപ്പോൾ 12,000/- രൂപയാണ്. അത് 25,000/- രൂപയാക്കാനുള്ള നിർദ്ദേശം ഗൗരവമായ പരിഗണനയിലാണ്. വളരെ വേഗം ഇത് നടപ്പാക്കുന്നതിന് കേരളാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ താലൂക്ക് തലങ്ങളിൽ നിയമ ബോധവൽക്കരണ ക്യാമ്പുകളും ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. സാധാരണ ജനങ്ങൾക്ക് ആവശ്യമായ നിയമങ്ങളും ലഘുലേഖകളും തയ്യാറാക്കി സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തുവരുന്നു. നിയമസഹായ പദ്ധതിയുടെ വിശദാംശങ്ങൾ മാദ്ധ്യമങ്ങളിൽകൂടി വരുന്നുണ്ട്. സൗജന്യ നിയമോപദേശം ലഭ്യമാക്കാനും അഡ്വക്കേറ്റുമാരുടെ സന്നദ്ധ സേവനം പ്രയോജനപ്പെടുത്തുന്നു. കൂടാതെ സംസ്ഥാനതലത്തിൽ നിയമോപദേശം സൗജന്യമായി നൽകിവരുകയും ചെയ്യുന്നു.

(8) മണ്ണാർക്കാട് താലൂക്കിലെ കാരാക്കുറിശ്ശി പ്രദേശത്തുള്ള കുടുംബങ്ങൾക്ക് പട്ടയം

[11 am]

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കാരാക്കുറിശ്ശി വില്ലേജിൽ കൊട്ടത്താമരയിലെ നാൽപ്പതോളം കുടുംബങ്ങളുടെ സ്വന്തം ഭൂമി നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. എരുമേലിയിലെ സുലൈഖാ ബീവി സഹോദരനായ ഒ.എൽ. മരയ്ക്കാർക്ക് വാക്കാൽ കരാർ പ്രകാരം നൽകിയ 120 ഏക്കർ ഭൂമി ഒ.എൽ. മരയ്ക്കാറിൽനിന്ന് ആധാരവും പട്ടയവും നൽകാമെന്ന കരാറിൽ വാങ്ങി കൈവശം വച്ച് അനുഭവിച്ചുവരികയാണ് ഈ നൽപ്പത് കുടുംബങ്ങൾ. 1975-ൽ ഈ സ്ഥലത്ത് 20 ഏക്കർ മിച്ചഭൂമി ഉണ്ടെന്ന് വൈക്കം ലാന്റ് ബോർഡിന്റെ ഉത്തരവ് വന്നു. മഞ്ചേരി ഫോറസ്റ്റ് ട്രൈബ്യൂണൽ 50 ഏക്കർ ഭൂമി പ്രൈവറ്റ് ഫോറസ്റ്റായി വിധിച്ച് വിട്ടുകൊടുത്തു. 50 ഏക്കർ റബ്ബർ പ്ലാന്റേഷനാണ്, ബാക്കിയുള്ള 20 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കാനാണ് വിധി ഉണ്ടായിരുന്നത്. ഇതുപ്രകാരം റീ-സർവ്വേ നടത്തിയതിൽ 106 ഏക്കർ ഭൂമി മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. 18.6.1999-ൽ വൈക്കം ലാന്റ് ബോർഡിന്റെ ഉത്തരവിൽ 50 ഏക്കർ പ്രൈവറ്റ് ഫോറസ്റ്റ് ആയിട്ട് വിട്ടുകിട്ടിയ ഭൂമിയും, മിച്ചഭൂമിയായി പ്രഖ്യാപിച്ച 20 ഏക്കർ ഭൂമിയും കൂടി 70 ഏക്കർ മിച്ചഭൂമിയായി അളന്നെടുക്കാ

LIBRARY ARCHIVES Kerala Legislative Assembly